പുതിയ നോവൽ ആരംഭിക്കുന്നു

# വിഡ്ഢിയായ ഐവാൻ

■ ടോൾസ്റ്റോയി / പുനരാഖ്യാനം : അരവിന്ദൻ കെ.എസ്. മംഗലം




വയലുകൾക്കപ്പുറമുള്ള വിശാലമായ ചതുപ്പുനിലം. തീർത്തും വിജനമായിരുന്നു അവിടം. സമീപമുള്ള പാറക്കെട്ടിൽ അവർ ഒത്തുകൂടി. ചെകുത്താനും അവന്റെ കിങ്കരന്മാരായ മൂന്ന് ദുർഭൂതങ്ങളും.

ചെകുത്താൻ പുച്ഛത്തോടെ ചിരിച്ചുകൊണ്ട് അകലേക്ക് വിരൽ ചൂണ്ടി:

“ദാ നോക്കൂ, പോത്തുപോലെ ചേറിൽ പുളയ്ക്കുന്ന ഒരുവനെ ആ വയലിന്റെ നടുവിൽ നിങ്ങൾ കാണുന്നില്ലേ? ഐവാൻ എന്നാണവന്റെ പേര്. വിത്തുവിതയ്ക്കുകയും വിളവൊരുക്കുകയും കൊയ്തുകൂട്ടുകയും ചെയ്യുന്ന വെറുമൊരു കർഷകൻ!.

പടുവിഡ്ഢിയായ അവനെയും അവന്റെ സഹോദരങ്ങളെയും എങ്ങനെയെങ്കിലും നശിപ്പിക്കുക. തമ്മിൽത്തല്ലി തലകീറി മരിക്കാൻ ഇടവരുത്തുക. അതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം പൂർത്തിയാവും വരെ നമുക്കിനി വിശ്രമമില്ല.”

ചെകുത്താൻ വിരൽ ചൂണ്ടിയ ദിക്കിലേക്ക് ദുർഭൂതങ്ങൾ മൂവരും ശ്രദ്ധ പായിച്ചു.

“ഉവ്വ്, ഉവ്വ്. ഒരുത്തൻ നിലമുഴുന്നതാണല്ലോ കാണുന്നത്.”

ലോകത്തിലെ ഏറ്റവും വലിയ ദ്വീപ് സമൂഹം – ഇന്തോനേഷ്യ

അവർ മൂന്നുപേരും തലകുലുക്കി ഒരേ സ്വരത്തിൽ പറഞ്ഞു.

''അവനെ നിങ്ങൾക്കു പരിചയപ്പെടുത്താം. ശ്രദ്ധിച്ചു കേൾക്കണം.''

ചെകുത്താൻ പറഞ്ഞു.

ഭൂതങ്ങൾ വാലുയർത്തി. പല്ലിളിച്ചു. ചൂളം വിളിച്ചു. ആ വിഡ്ഢിയായ കർഷകന്റെ കഥ കേൾക്കാൻ കാതുകൂർപ്പിച്ചു.

''ഗ്രാമത്തിലെ വൃദ്ധനായ കൃഷിക്കാരന്റെ മകനാണയാൾ. ഐവാൻ എന്നാണവന്റെ പേരെന്ന് ഞാൻ മുമ്പേ പറഞ്ഞല്ലോ. മൂന്ന് സഹോദരങ്ങൾ കൂടി അവനുണ്ട്. സിമോൺ, താരസ്, കൂടാതെ മാർത്ത എന്ന സഹോദരിയും. സിമോൺ ഒരു യോദ്ധാവാണ്. രാജാവിന്റെ സൈന്യത്തിൽ ചേർന്ന് അയാൾ യുദ്ധഭൂമിയിൽ പോരാട്ടം നടത്തുന്നു. താരസ് എന്നവനാകട്ടെ, നഗരത്തിലെ ഏറ്റവും വലിയ വ്യാപാരിയുടെ കീഴിൽ ജോലി നോക്കുന്നു. മാർത്ത ഇളയ സഹോദരിയാണ്. മൂകയും ബധിരയുമാണവൾ.''

ദുർഭൂതങ്ങൾ ചെകുത്താന്റെ വാക്കുകൾ കേട്ടിരുന്നു. അടക്കാനാവാത്ത ഈർഷ്യയോടെ ചെകുത്താൻ തുടർന്നു:

''നാശം പിടിച്ചവർ; അവർ തമ്മിൽത്തല്ലി പിരിയാൻ വേണ്ട ഏർപ്പാടുകളെല്ലാം ഞാൻ ചെയ്തുവെച്ചിരുന്നു. പക്ഷേ, ആ വിഡ്ഢി എന്റെ പദ്ധതികളെല്ലാം പൊളിച്ചു.''

ഭൂതങ്ങൾ മുഖത്തോടുമുഖം നോക്കി. അവർക്ക് കാര്യം പിടികിട്ടിയില്ല.

''അവർ എന്നെ തോൽപിച്ചിരിക്കുകയാണ്. അതിനാൽ നിങ്ങൾ പോയി അവരെ ശരിപ്പെടുത്തണം. അവന്മാർ തമ്മിൽത്തല്ലി കണ്ണുകൾ പരസ്പരം കുത്തിപ്പറിക്കുന്നത് എനിക്കു കാണണം.''

– ചെകുത്താൻ അലറി.

''ഞങ്ങൾ അവിടത്തേയ്ക്ക് എന്താണു ചെയ്യേണ്ടത്?''

മൂന്നു ദുർഭൂതങ്ങളും ഒരേ സ്വരത്തിൽ ചോദിച്ചു.

''നിങ്ങൾ പോയി അവരെ മൂന്നുപേരും ഇതേവരെ ഉണ്ടാക്കിയതെല്ലാം നശിപ്പിച്ച് അവരെ ദാരിദ്ര്യത്തിന്റെ പടുകുഴിയിലേക്ക് തള്ളിയിടണം. അന്നന്നു കഴിയാനുള്ള വകയില്ലാതായാൽ വീണ്ടുമവർ തമ്മിലടുത്തു കൊള്ളും. ഒടുവിൽ പരസ്പരം കലഹിച്ച് തമ്മിൽ തമ്മിൽ തലതല്ലിപ്പൊളിച്ച്...''

ചെകുത്താൻ വാക്കുകൾ പൂർത്തിയാക്കാതെ പൊട്ടിച്ചിരിച്ചു.

ഭൂതങ്ങൾ മൂവരും താളത്തിൽ കൈകൊട്ടിച്ചിരിച്ച് ചെകുത്താന്റെ ബുദ്ധിയിൽ മതിപ്പു പ്രകടിപ്പിച്ചു.

''ഹീ ഹി ഹി! ഹീ ഹി ഹി!''

''ഇനി നിങ്ങൾ ജോലി തുടങ്ങുക. സമയം ഒട്ടും പാഴാക്കരുത്. അവർ തമ്മിൽത്തല്ലിച്ചാകും വരെ പ്രയത്നിക്കുക. എന്നിട്ടേ എന്റെ മുന്നിൽ വരാവൂ; ഇതിനെന്തെങ്കിലും പിഴ പറ്റിയാൽ ജീവനോടെ നിങ്ങളുടെ തോലുഞാനുരിച്ചെടുക്കും.''

– ചെകുത്താൻ അന്ത്യശാസനമെന്നോണം പറഞ്ഞു. തുടർന്ന് അപ്രത്യക്ഷനായി. ഭൂതങ്ങൾ തമ്മിൽ ചില വികൃത ശബ്ദങ്ങൾ പുറപ്പെടുവിച്ചു. അവർ സമീപമുള്ള ചതുപ്പുനിലത്തേക്കു പോയി വട്ടംകൂടിയിരുന്ന് ഭാവിപരിപാടികൾ ആലോചിച്ചു. എളുപ്പമുള്ള പണി എന്തെന്ന് അവർ പരസ്പരം ആരാഞ്ഞു. എളുപ്പം ഉള്ളത് ആദ്യം ഞാൻ ചെയ്യാമെന്നായി ഓരോ ഭൂതവും. മൂന്ന് ഭൂതങ്ങളും തമ്മിൽ തർക്കമായി. ഒടുവിൽ അവർ ഒരു തീരുമാനത്തിലെത്തി:

''നമ്മൾ മൂവരും മൂന്നുവഴിക്ക് പിരിഞ്ഞ്, ആ മൂന്നു സഹോദരന്മാരെയും കെണിയിൽ വീഴ്ത്തുക. ആദ്യം പണി പൂർത്തിയാക്കുന്നയാൾ അടുത്തയാളെ സഹായിക്കുക. അങ്ങനെ ആയാൽ അധികം വൈകാതെ മൂന്നു സഹോദരന്മാരെയും പാഠം പഠിപ്പിക്കുവാൻ നമുക്കു കഴിയും.''

അടുത്ത അമാവാസിക്കു തലേന്ന് വീണ്ടും ചതുപ്പുനിലത്തിൽ ഒത്തുകൂടണമെന്ന് തീരുമാനിച്ച് അവർ പിരിഞ്ഞു.

*(തുടരും)*



## ഏറ്റവും വലിയ അതിർത്തി

ലോകത്ത് ഏറ്റവും ദീർഘദൂരം അതിർത്തി പങ്കിടുന്ന രണ്ട് രാജ്യങ്ങളാണ് സൗഹൃദ രാജ്യങ്ങളായ അമേരിക്കയും കാനഡയും. 8891 കിലോമീറ്ററാണ് ഈ അതിർത്തി. എന്നാലോ, ഈ അതിർത്തി കാക്കാൻ നമ്മുടേത് പോലെ സൈനികരോ കമ്പിവേലികളോ മതിലുകളോ ഇല്ല. ഈ അതിർത്തികളിൽ കൂടുതലും മലയോര മേഖലകളും വന പ്രദേശങ്ങളുമാണ്.

**സൗരയൂഥത്തിലെ ഏറ്റവും തണുത്ത അന്തരീക്ഷമുള്ള ഗ്രഹം– യുറാനസ്**